**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1079** **11-02-2025 - ൽ മറുപടിയ്ക്ക്**

**കാരോട് കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കിഫ്‌ബി പ്രവൃത്തിയായ കാരോട് കുടിവെള്ള പദ്ധതിയുടെ നാളിതുവരെ നടത്തിയിട്ടുള്ള പ്രവൃത്തികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ? | (എ) | ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്ക് കിഫ്‌ബി വഴി 89.189 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയെ മൂന്ന് പാക്കേജുകളായി തിരിച്ചാണ് നടപ്പിലാക്കുന്നത്.<br><br><u>പാക്കേജ് - 1</u><br><br>പരശുവയ്ക്കൽ വില്ലേജിലെ പൊൻവിളയിൽ ജലശുദ്ധീകരണശാലയും അനുബന്ധ ഘടകങ്ങളും, ജലസംഭരണിയും നിർമ്മിക്കുന്നതിന് 80.16 ആർ സ്ഥലമേറ്റെടുക്കലാണ് ഒന്നാമത്തെ പാക്കേജ്. സ്ഥല മേറ്റെടുക്കൽ നടപടികൾ 2021 ഓഗസ്റ്റ് മാസത്തിൽ പൂർത്തിയാക്കിയിരുന്നു.<br><br><u>പാക്കേജ് - 2</u><br><br>രണ്ടാമത്തെ പാക്കേജിലുൾപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നവയാണ്.<br><br>1. പൊൻവിളയിൽ 16 എം.എൽ.ഡി. ശേഷി യുള്ള ജലശുദ്ധീകരണശാല<br>2. മാവിളക്കടവിൽ 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും.<br>3. പൊൻവിളയിൽ ജലശുദ്ധീകരണശാലയ്ക്കടുത്തായി സബ്സ്റ്റേഷൻ കെട്ടിടം<br>4. ട്രാൻസ്ഫോർമറുകളും, പമ്പ് സെറ്റുകളും സ്ഥാപിക്കൽ.<br>5. പൊൻവിളയിൽ 30 ലക്ഷം ലിറ്റർ സംഭര ണശേഷിയുള്ള ഉപരിതല ജലസംഭരണി<br><br>ഈ പാക്കേജിലുൾപ്പെട്ട ഘടകങ്ങളുടെ നിർമ്മാണപ്രവൃത്തിയ്ക്കുള്ള കരാർ നൽകുകയും, |

| | | | |
|---|---|---|---|
| | | | ജലശുദ്ധീകരണശാലയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br><br><u>പാക്കേജ് - 3</u><br><br>മൂന്നാമത്തെ പാക്കേജിലുൾപ്പെട്ട ഘടകങ്ങൾ ചുവടെ ചേർക്കുന്നവയാണ്.<br><br>1. പദ്ധതിയുടെ ഭാഗമായ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ.<br>2. ചെങ്കൽ പഞ്ചായത്തിലെ ഉദിയൻകുളങ്ങരയിൽ 17 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജലസംഭരണി.<br>3. കാരോട് പഞ്ചായത്തിൽ 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി.<br><br>ഈ പാക്കേജിലുൾപ്പെട്ട പ്രവൃത്തിയുടെ കരാർ നൽകുകയും, പൈപ്പ്ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഉദിയൻകുളങ്ങരയിലെ ജലസംഭരണിയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുന്ന സമയത്ത് കണ്ടെത്തിയ സ്ഥലത്തിനോട് ചേർന്ന് സ്ഥാപിക്കുന്നത് സുരക്ഷയെ ബാധിക്കുമെന്നതിനാൽ സുരക്ഷാ മാനദണ്ഡപ്രകാരം ആവശ്യമായ അകലം പാലിച്ച് ചെലവ് ക്രമപ്പെടുത്തി ഫൗണ്ടേഷൻ ഡിസൈൻ അംഗീകാരം നൽകി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പ്രസ്തുത പദ്ധതിയുടെ ഭാഗമായി കാരോട് പഞ്ചായത്തിൽ ജലസംഭരണി നിർമ്മിക്കാനായി കണ്ടെത്തിയ സ്ഥലത്ത് രണ്ട് താൽക്കാലിക വീടുകൾ നിർമ്മിച്ചിട്ടുള്ളതായി കാണുന്നു. ഇത് മാറ്റി സ്ഥാപിക്കുന്ന മുറയ്ക്കു മാത്രമേ ജലസംഭരണിയുടെ നിർമ്മാണം ആരംഭിക്കാനാവുകയുള്ളൂ.<br><br>രണ്ടും, മൂന്നും പാക്കേജുകളിലുൾപ്പെട്ട പ്രവൃത്തികൾ ആരംഭിച്ചിട്ടേയുള്ളൂ. അവ മുഴുവനും പൂർത്തീകരിക്കേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ